# <u>വിദ്യാലയ ചരിത്രം</u>

19-ാം നുറ്റാണ്ടിൽ സ്ഥാപിതമായ ഈ വിദ്യാലയം നാടിന്റെ തിലക്കുറിയായി വിള ങ്ങന്നു. 1898-ൽ സ്ഥാപിതമായ ഈ വിദ്യാലയം 1976 വരെ അപ്പർ പ്രൈമറി സ്കൂൾ ആയി പ്രവർത്തിക്കുകയും 1997-ൽ ഹൈസ്കൂളായി ഉയർത്തപ്പെടുകയും ചെയ്തു . ഇംഗ്ലീഷ് ഭാഷയോട്, ജനങ്ങൾക്ക് അമിത താൽപര്യം ജനിക്കുകയും യാത്രാ സൗകര്യങ്ങൾ പരിമിതപ്പെടുകയും ചെയ്ത സാഹചര്യത്തിൽ കുട്ടികളുടെ എണ്ണം കുറയുകയും ചെയ്തു.

2001-ൽ ഹയർ സെക്കന്ററി വിഭാഗം ഈ വിദ്യാലയത്തിൽ ആരംഭിച്ചു. ഒന്നുമുതൽ പത്തു വരെ ക്ലാസ്സുകളിലായി 44 കുട്ടികൾ ഇപ്പോൾ പഠനം നടത്തുന്നു. അധ്യാപകരുടെയും PTA യുടെയും അക്ഷീണ യത്നത്തിന്റെ ഫലമായി തുടർച്ചയായി പതിനേഴാം തവണ , ഈ വർഷവും SSLC ക്ക് 100 % ശതമാനം വിജയം നേടി. 2025 മാർച്ചിൽ നടന്ന SSLC പരീക്ഷയിൽ D+ ഇല്ലാതെ 100 % വിജയം വരിച്ച കോട്ടയം ജില്ലയിലെ ഏക സർക്കാർ വിദ്യാലയമാണിത്.

എൽ.പി വിഭാഗത്തിൽ നാലും യു.പി വിഭാഗത്തിൽ മൂന്നും എച്ച്.എസ് വിഭാഗത്തിൽ അഞ്ചും അധ്യാപകരും മൂന്ന് അനദ്ധ്യാപകരും ചേർന്ന് ഹെഡ്മിസ്ട്രസിന്റെ നേതൃത്വത്തിൽ സ്കൂളിനെ മുന്നോട്ട് നയിക്കുന്നു

# <u>ലക്ഷ്യങ്ങൾ</u>

- ഓരോ ക്ലാസിലും കുട്ടികൾ നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായി എന്ന് ഉറപ്പുവരുത്തുക
- ഓരോ കുട്ടിയിലും ഉള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക
- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതീക സാഹചര്യങ്ങളും സൃഷ്ടിക്കുക
- ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് അധ്യാപകർക്ക് വിവിധ പരിശീലനങ്ങൾ നൽകുക
- മുഴുവൻ ക്ലാസിലും ICT സാധ്യത ഉറപ്പുവരുത്തുക
- പിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്ക് ആവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളു ആവിഷ്കരിക്കുക
- മുഴുവൻ കുട്ടികൾക്കും ശാസ്ത്ര പഠനത്തിലെ എല്ലാ നൈപുണികളും സ്വായത്തമാക്കാൻ ഉതകും വിധം ലാബുകൾ സജ്ജമാക്കുക
- ലഘു പഠനയാത്രകൾ, പഠന ക്യാമ്പുകൾ . ശിൽപശാലകൾ, വിദഗ്ദരുടെ ക്ലാസുകൾ, സെമിനാറുകൾ, പ്രോജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- പുതിയ തലമുറയിൽ കൃഷിയോടുള്ള താൽപര്യം വളർത്തുക
- ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക അതിന്റെ ദൂഷ്യഫലങ്ങളെ കുറിച്ച് ബോധവാൻമാർ ആക്കുക
- ജൈവവൈവിധ്യ ഉദ്യാനം ഫലവൃക്ഷങ്ങൾ എന്നിവ മെച്ചപ്പെടുത്തുക
- കുട്ടികളിൽ വായന പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി പ്രവർത്തനം കാര്യക്ഷമമാക്കുക
- പൊതുസമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക
- കുട്ടികൾക്കായി ഗൈഡൻസ് കൗൺസലിംഗ് സൗകര്യങ്ങൾ ഒരുക്കുക
- ഉച്ച ഭക്ഷണം കൂടുതൽ വൈവിധ്യവും ജനകീയവുമാക്കുക

# നിലവിലുള്ള ഭൗതിക സഹചര്യങ്ങൾ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| ക്ലാസ് മുറി | 12 | |
| ആൺകുട്ടികളുടെ ടോയ്‌ലറ്റ് | 2 | |
| പെൺകുട്ടികളുടെ ടോയ്‌ലറ്റ് | 2 | |
| കിണർ | ഉണ്ട് | |
| ചുറ്റുമതിൽ | ഉണ്ട് | |
| സ്റ്റേജ് | ഉണ്ട് | |
| കളിസ്ഥലം | ഉണ്ട് | |
| അടുക്കള | ഉണ്ട് | |
| ഭക്ഷണ മുറി | ഉണ്ട് | |
| കമ്പ്യൂട്ടർ ലാബ് | ഉണ്ട് | |
| സയൻസ് ലാബ് | ഉണ്ട് | |
| കൗൺസിലിംഗ് റൂം | ഉണ്ട് | |
| ലൈബ്രറി | ഉണ്ട് | |
| സയൻസ് പാർക്ക് | ഉണ്ട് | |
| ലാപ്‌ടോപ്പ് | 10 | |
| പ്രൊജക്റ്റർ | 5 | |
| സ്മാർട് ടി.വി | 1 | |

# അധ്യാപകരും ചുമതലകളും-2025-26

| ' നമ്പർ | അധ്യാപകന്റെ പേര് | | ചുമതലകൾ |
|---|---|---|---|
| 1 | ശ്രീജ | HM | ഹെഡ്മിസ്ട്രസ് |
| 2 | ഡോ. ബീന ബി.എസ് | HST | സീനിയർ അസിസ്റ്റന്റ് , ഹിന്ദി ക്ലബ്ബ്<br>ജൂനിയർ റെഡ് ക്രോസ്. , ലഹരി വിരുദ്ധ ക്ലബ്ബ് |
| 3 | ജിജി മെറിൻ ജോസ് | HST | SITC , സയൻസ് ക്ലബ് |
| 4 | ബീന S സുഗതൻ | HST | ഗണിതശാസ്ത്ര ക്ലബ്ബ് ,, Joint SITC<br>ഇന്റേണൽ കംപ്ലയിന്റ് കമ്മറ്റി,School Protection Group |
| 5 | അശ്വതി പി.വി | HST | ഇംഗ്ലീഷ് ക്ലബ്ബ്, Cliness ,ഹെൽത്ത് ക്ലബ്ബ്, |
| 6 | ദേവിക P അശോക് | HST | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് , ടീൻസ് ക്ലബ്ബ്<br>ഇലക്ടറൽ ലിറ്ററസി ക്ലബ്ബ് |
| 7 | ബിനിയ തോമസ് | HST | ലൈബ്രറി ,വിദ്യാരംഗം ,മലയാളം ക്ലബ്ബ് , |
| 8 | നയന മോഹൻ | UPST | SRG കൺവീനർ ,School Protaction Group |
| 9 | നിഷ | UPST | സൊസൈറ്റി ,കായിക വിദ്യാഭ്യാസം |
| 10 | ദിവ്യ | UPST | ഹരിത ക്ലബ്ബ് , ഇക്കോ ക്ലബ്ബ്, ഹരിത ക്ലബ്ബ്<br>ബയോഡൈവേഴ്സിറ്റി പാർക്ക് |
| 11 | മിലി . ജി .ഞാവള്ളി | LPST | ഉച്ച ഭക്ഷണം |
| 12 | ആശാ രവീന്ദ്രൻ | LPST | പ്രവൃത്തിപരിചയം,കലാ വിദ്യാഭ്യാസം സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം അച്ചടക്ക പരിപാലനം |
| 13 | അനീഷ | LPST | സ്റ്റാഫ് സെക്രട്ടറി ,കലാവിദ്യാഭ്യാസം |
| 14 | ഡോണ ജോസഫ് | LPST | PSITC ,യാത്രാ സൗകര്യം |
| 15 | സ്വീറ്റി | COUNSILLER | ഗൈഡൻസ്,ആന്റ് കൗൺസലിംഗ്<br>സൻമാർഗ്ഗബോധനം<br>ക്വിസ് ക്ലബ്ബ് |

# അക്കാദമിക മാസ്റ്റർ പ്ലാൻ

മലയാളം

# മലയാളം-ഹൈസ്കൂൾ വിഭാഗം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ നിലവാരം കണ്ടെത്തുക | പ്രീ-ടെസ്റ്റ് നടത്തുന്നു | ജൂൺ ആദ്യവാരം | മലയാളം അധ്യാപകർ | |
| ആസ്വദിച്ച് ഭാഷാ പഠനം | ആസ്വദിച്ച് മലയാളംപഠിക്കാനുള്ള ഭാഷാപോഷിണി പ്രവർത്തനങ്ങൾ | ജൂൺരണ്ടാം വാരം | മലയാളം അധ്യാപകർ | |
| വായനാവാരാചരണം | രചനാ മത്സരങ്ങൾ-പ്രദർശനം<br>നാടകം<br>ചർച്ച<br>കഥ<br>കവിത<br>യാത്രാവിവരണം<br>രചനകൾ | ജൂൺ ജൂലൈ മാസം | മലയാളം അധ്യാപകർ | |
| ഉച്ചാരണശുദ്ധിയോടെ മലയാളം വായിക്കാനും അക്ഷര തെറ്റില്ലാതെ എഴുതാനും ശീലിപ്പിക്കുന്നു | വിവിധ സാഹിത്യ രൂപങ്ങൾ (കഥ, കവിത )ഭാവത്തിലും ഈണത്തിലും വായിപ്പിക്കുന്നു | പ്രതിദിനം | മലയാളം അധ്യാപകർ | |
| വ്യത്യസ്ത സാഹിത്യ രൂപങ്ങൾ പരിചയപെടുക | രചനാ മത്സരങ്ങൾ പ്രദർശനം | എല്ലാ ആഴ്ചയിലും | മലയാളം അധ്യാപകർ | |
| കുട്ടികളിൽ വായനാശീലം വളർത്താൻ | ലൈബ്രറി പുസ്തക വിതരണം | എല്ലാ ആഴ്ചയിലും | മലയാളം അധ്യാപകർ | |
| സ്വന്തമായ രചനകൾ നടത്താൻ | കയ്യെഴുത്ത് മാസിക തയ്യാറാക്കുന്നു | ജനുവരി | മലയാളം അധ്യാപകർ | |

# മലയാളം - U .P വിഭാഗം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തകം |
| --- | --- | --- | --- | --- |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക | പുസ്തക ചർച്ച ലൈബ്രറി പുസ്തകവിതരണം | ജൂൺ -ഫെബ്രുവരി | മലയാളം അധ്യാപകർ | |
| വിവിധസാഹിത്യ രൂപങ്ങൾ വായിച്ച് ആസ്വദിക്കുക | പുസ്തകപരിചയം ആസ്വാദന കുറിപ്പ് തയ്യാറാക്കൽ | ജൂൺ -ഫെബ്രുവരി | മലയാളം അധ്യാപകർ | |
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | വായന കുറിപ്പ് തയ്യാറാക്കൽ പതിപ്പ് തയ്യാറാക്കൽ | ജൂൺ -ഫെബ്രുവരി | മലയാളം അധ്യാപകർ | |
| സർഗശേഷി വർധിപ്പിക്കുക | വ്യക്തിഗത രചനാ മത്സരങ്ങൾ കയ്യെഴുത്ത് മാസിക നിർമ്മാണം | ജൂൺ -ഫെബ്രുവരി | മലയാളം അധ്യാപകർ | |
| നൂതന സാങ്കേതികവിദ്യയിലൂടെ അറിവ് നേടുക | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകളുടെ പ്രദർശനം | ജൂൺ -ഫെബ്രുവരി | മലയാളം അധ്യാപകർ | |

## പൊതുവായ ലക്ഷ്യങ്ങൾ

- ക്ലാസുകളിലെ എല്ലാ വിദ്യാർത്ഥികൾക്കും മലയാളം ഫലപ്രദമായി എഴുതാനും വായിക്കാനും ഉള്ള കഴിവ് വളർത്തിയെടുക്കുക
- ഓരോ യൂണിറ്റിലെയും പഠനനേട്ടങ്ങൾ നേടി എന്ന് ഉറപ്പുവരുത്തുക
- സർഗ്ഗാത്മകശേഷി വികസിപ്പിക്കുക
- ആശയ ചോർച്ച ഇല്ലാതെ ഭാഷ നന്നായി കൈകാര്യം ചെയ്യാൻ പരിശീലിപ്പിക്കുക

# Academic Master Plan

## English

# English- H.S

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക | Spoken English Class<br>English Corner Story-Time<br>English Assembly | ശനിയാഴ്ചകൾ അവധിക്കാലം | അധ്യാപകർ<br>PTA |
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക | Role play, English-day ആചരണം<br>Seminar, Debate etc | ക്ലാസ്സ് പ്രവർത്തനങ്ങളോടൊപ്പം | ഇംഗ്ലീഷ് അധ്യാപകർ |
| സ്വതന്ത്രവായനയ്ക്കും എഴുത്തിനും സജ്ജരാക്കുക | School English Voice<br>അക്ഷര കാർഡ്, പദകാർഡ്, വാക്യ നിർമ്മാണത്തിനുള്ള കാർഡുകൾ | ക്ലാസ്സ് പ്രവർത്തനങ്ങളോടൊപ്പം | ഇംഗ്ലീഷ് അധ്യാപകർ |
| നാടകീകരണം | English Assembly, Skit \| പാഠഭാഗങ്ങളിൽ നിന്ന് രംഗങ്ങൾ കണ്ടെത്തി Skit , Role play എന്നിവയുടെ അവതരണം | ക്ലാസ്സ് പ്രവർത്തനങ്ങളോടൊപ്പം | ഇംഗ്ലീഷ് അധ്യാപകർ |
| സാങ്കേതിക വിദ്യാ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാവികസനത്തിന് പ്രയോജനപ്പെടുത്തുക | English fest,<br>Englishfilm<br>കാണാനുള്ള അവസരം | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപകർ |
| ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു | story telling ,Debates g Group Discussion, Interview a friend | ക്ലാസ്സ് പ്രവർത്തനങ്ങളോടൊപ്പം | ഇംഗ്ലീഷ് അധ്യാപക |

# മേഖല യുപി ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായസം ഇംഗ്ലീഷ് സംസാരിക്കാനും അവസരം നൽകുന്നു. | ➢ Lend Your Ears<br>ലളിതവും രസകരവുമായി ഇംഗ്ലീഷ് record ചെയ്ത് കേൾപ്പി ക്കുന്നു. ബന്ധ പ്പെട്ട ചോദ്യങ്ങൾ ചോദിക്കുന്നു.<br><br>➢ Follow Me if You Can<br>ഇംഗ്ലീഷിൽ നൽകുന്ന നിർദേശങ്ങൾക്ക് അനുസരിച്ച് പ്രവർത്തി ക്കാൻ പരിശീല നം നൽ കുന്നു.<br><br>➢ Treasure Hunt<br>വ്യത്യസ്തമായ വ സ്തുക്കൾ ഉപയോഗിച്ച് നമ്പർ നൽകി നറുക്കെടുപ്പി ലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർ | ജൂൺ<br><br>ജൂൺ<br><br>ജൂലൈ | English teacher<br><br>English teacher<br><br>English teacher | |

| | | | | |
|---|---|---|---|---|
| | ണ്ണിക്കുന്നു.<br>പോയിന്റ് നൽകുന്നു.<br><br>➢ One Man Show<br>ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിനു പ്രോത്സാഹനം നൽകുന്നു.<br><br>➢ Independent Reading Program<br>ലൈബ്രറിയിൽ നിന്നും മറ്റും English books read ചെയ്ത് summary തയാറാക്കുവാൻ പരിശീലനം നൽക ും. | ജൂലൈ | English teacher | |
| 2)അക്ഷരത്തെറ്റ് കൂടാതെ എഴുതാൻ പ്രാപ്തമാക്കുന്നു. | ➢ I TooCan<br>വ്യത്യസ്ത തലങ്ങളിലായി വായനകാർഡുകൾ ക്രമീകരിക്കുന്നു. മാതൃകയിലേത്പോലെ വായന കാർഡുകൾ സ്വ യം തയ്യാറാക്കുന്നു.<br><br>➢ My Droplets<br>കുട്ടികളുടെ കലാ | ആഗസ്റ്റ് | English teacher | |

| | | | | |
|---|---|---|---|---|
| | സൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ തയ്യാറാക്കുന്നു.<br><br>➢ Alert Zone<br>സൂചന ബോർഡുകൾ, പോസ്റ്ററുകൾ എന്നിവ ക്ലാസിമുറികളിലും വരാന്തയിലും പ്രദർശിപ്പിക്കുന്നു.<br><br>➢ Fun Time Funda<br>കടംകഥകൾ,കുസൃതിചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി അവതരിപ്പിക്കുന്നു. | ആഗസ്റ്റ്<br><br>ജൂലൈ<br><br>സെപ്റ്റംബർ | English teacher<br><br>English teacher<br><br>English teacher | |
| 3)ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | കുട്ടികൾ തങ്ങളുടെ ഓരോ ദിവസത്തെയും അനുഭവങ്ങളുമായി ബന്ധപ്പെട്ട വായന കാർഡുകൾ തയ്യാറാക്കി കൊണ്ടു വന്ന് മറ്റ് കുട്ടി കൾക്ക് നൽകുന്നു. ക്ലാസിൽ അവതരിപ്പിക്കുന്നു.<br><br>Text book വായിക്കുവാൻ | ആഗസ്റ്റ്<br><br>ജൂലൈ | English teacher<br><br>English teacher | |

| | | | | |
|---|---|---|---|---|
| | അവസരം നൽകി. ‘Reader of the Month’ നെ ആദരിക്കുന്നു. | | | |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം വളർത്തുന്നു. | **Spoken English Class** ഇംഗ്ലീഷ്ഭാഷ അനായാസം കൈകാര്യം ചെയ്യുവാനായി ആഴ്ചയിലൊരിക്കൽ സമയം കണ്ടെത്തി, spoken english class കൾ പരിശീലിപ്പിക്കുന്നു. short story, poem, quotes, എന്നിവയെല്ലാം അവതരിപ്പിക്കാൻ അവസരം നൽകുന്നു. | ഒക്ടോബർ | English teacher | |

# ACADEMIC MASTER PLAN

## HINDI

| നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീടെസ്റ്റ് നടത്തുന്നു | ജൂൺ ആദ്യവാരം | 5,6.7 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയംനടത്താനുമുള്ള ശേഷി വർധിപ്പിക്കൽ CWSN, Slow Learners കുട്ടികൾക്ക് അധിക പിന്തുണ ഉറപ്പാക്കൽ |
| 2 | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന, ഭാഷാപോഷിണി പ്രവർത്തനങ്ങൾ പരിമിതികൾ പരിഹരിക്കുന്നതി നുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു. CWSN, SlowLearner കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥയും കണക്കിലെടുത്തു കൊണ്ട് നടത്താവുന്ന പ്രവർത്തന പാക്കേജ് | ജൂൺ രണ്ടാം വാരം | 5,6,7 | ഹിന്ദി അധ്യാപകർ മറ്റു ഭാഷാധ്യാപകർ | |
| 3 | ഓരോ ക്ലാസിലും ദിവസവും ഹിന്ദി വായിപ്പിക്കുക, ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക, ഹിന്ദിയിൽ എണ്ണം, ആഴ്ച, ,മാസം എന്നിവയുടെ ദൈനംദിന അവതരണം | പ്രതിദിനം | 5,6,7 | ഹിന്ദി അധ്യാപകർ | ഹിന്ദിയുടെ അടിസ്ഥാന ,,കാര്യങ്ങൾ മനസ്സിലാക്കിക്കൽ |
| 4 | CWSN, Slow Learners കുട്ടികൾക്കായി പ്രത്യേകം പസിലുകൾഐസിടി മുഖാന്തിരം പല വർണ്ണങ്ങളിൽ | ആഴ്ചയിൽ ഒരു പ്രാവശ്യം | 5,6,7 | ഹിന്ദി അധ്യാപകർ | കുട്ടികൾക്ക് ഹിന്ദി ഭാഷ രസകരമാക്കാൻ |

| | | | | | |
|---|---|---|---|---|---|
| | ആകർഷകമായി അക്ഷരമാല അവതരണം | | | | |
| 5 | ഹിന്ദിയിൽ ഉള്ള ഡയറിക്കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ കവിതകൾ എന്നിവ വായിപ്പിക്കുക | ആഴ്ചയിൽ ഒരു പ്രാവശ്യം | 5,6,7 | ഹിന്ദി അധ്യാപകർ | തെറ്റില്ലാത്ത വായനയ്ക്ക് |
| 6 | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക ഹിന്ദി അസംബ്ലി നടത്തുക | ആഴ്ചയിൽ ഒരു പ്രാവശ്യം | 5,6,7 | ഹിന്ദി അധ്യാപകർ | കലാമേളകളിൽ പങ്കെടുപ്പിക്കാൻ |
| 7 | കുട്ടികളെ കൊണ്ട് പത്രിക തയ്യാറാക്കുക | ജനുവരി | 5,6,7 | ഹിന്ദി അധ്യാപകർ | ഹിന്ദിഭാഷ കൈകാര്യം ചെയ്യാൻ |
| 8 | പാഠഭാഗവുമായി ബന്ധപ്പെട്ട് ഓഡിയോ കേൾപ്പിക്കുക ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക | പ്രതിദിനം | 5,6,7 | ഹിന്ദി അധ്യാപകർ | ഹിന്ദിഭാഷ സ്വായത്തമാക്കാൻ |
| 9 | ഹിന്ദി അന്തരീക്ഷവുമായി ബന്ധപ്പെടാനുള്ള അവസരം ഹിന്ദിഡോക്യുമെന്ററി സിനിമ കാണാനുള്ള അവസരം വാർത്തകൾ കാണാനുള്ള അവസരം | 6 മാസം | 5,6,7 | ഹിന്ദി അധ്യാപകർ | ഹിന്ദിഭാഷയിൽ സംസാരിക്കാൻ |
| 10 | കുട്ടിക്ക് മാനസികോല്ലാസം നിലനിർത്തി കൊണ്ട് AI ഉപയോഗിച്ച് ഭാഷ യെ ഉൾക്കൊള്ളാനും ഭാഷാ പഠനം എളുപ്പത്തിലാക്കാനും ഉള്ള പ്രവർത്തനപാക്കേജുകൾ | 6 മാസം | 5,6,7 | ഹിന്ദി അധ്യാപകർ | പഠനത്തോടൊപ്പം മാനസികോല്ലാസം പകരാൻ |

# Hindi - H. S വിഭാഗം

## പൊതുവായ ലക്ഷ്യങ്ങൾ

- ✔ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക
- ✔ ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക
- ✔ ഹിന്ദി ഭാഷാ പഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക
- ✔ ഹിന്ദിഭാഷ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാസ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക
- ✔ ഭിന്ന ശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതാനും, വായിക്കാനും, കണ്ടെത്താനും ,പഠിപ്പിക്കുന്നു | അക്ഷരമാല അടങ്ങിയ കാർഡ് നൽക അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. കാലം | ഹ്രസ്വം ജൂൺ- ജൂലൈ |
| ആഴ്ചയുടെ പേരുകൾ പരിചയപ്പെടുത്തുന്നു | ക്ലാസിലെ ഓരോ വിദ്യാർത്ഥിയുടെയും ജനന തീയതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക്ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | മധ്യകാലം ഓഗസ്റ്റ് - സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു വായന | കേട്ടെഴുത്ത് ,പദസൂര്യൻ ,പ്രശ്നോത്തരി എന്നിവ നൽകുന്നു. ചിത്രകഥ, കാർട്ടൂൺ , ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു | ഡിസംബർ- ജനുവരി |

| | | |
|---|---|---|
| പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. കാർട്ടൂൺ ചിത്രകഥ എന്നിവ വായിച്ച് ആശയം അവ തരിപ്പിക്കാൻ കഴിയുന്നു | | |

# ഒമ്പതാം തരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | | |
| നാമം ,സർവ്വനാമം , വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു. ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു. | ചാർട്ടുകൾ നൽകുന്നു, അതിൽ നിന്നും സർവ്വനാമം വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു. കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു. സൂചനാ ബോർഡുകൾ എഴുതി ക്ലാസിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യം ഓഗസ്റ്റ് - സെ പ്റ്റംബർബർ |
| പോസ്റ്റർ തയ്യാറാക്കുന്നതിന് ശേഷി നേടുന്നു. കവിത വായിച്ച് ആസ്വാദനകുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു .വിവിധവിഷയങ്ങ ൾ നൽകുന്നു. ക്ലാസിൽ പ്രദർശിപ്പിച്ച് മൂല്യനിർണ്ണയം നടത്തുന്നു. ചെറിയ കവിതകൾ നൽകികൊണ്ട് ആസ്വാദന കുറിപ്പ് ക്ലാസിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ദീർഘം ഡിസംബർ - നവംബർ |

# പത്താം തരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഭാഷാ വസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങു നടത്തുന്നു. | നാടകവേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | ഹ്രസ്വം<br>ജൂൺ- ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദി വാരാഘോഷ സമയത്ത് കലോത്സവം മികച്ച രീതിയിൽ നടത്തുന്നു .കുട്ടിയുടെ മികച്ച പങ്കാളിത്തം<br>ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ ,കഥ'കവിത' പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യം<br>ഓഗസ്റ്റ് - സെ പ്റ്റംബർ |
| ആശയങ്ങൾ വിവിധ തരത്തിൽ<br>ആവിഷ്കരിക്കുന്നു.<br>കഥയെ തിരക്കഥയായി മാറ്റു വാനറിയുന്നു..<br>സ്വഭാവ സവിശേഷതകളിൻമേൽ കുറിപ്പ്<br>തയ്യാറാക്കുവാനറിയുന്നു.<br>ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു .കഥാപാത്രങ്ങളെ ആസ്പദമാക്കി ചരിത്ര കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു. എല്ലാ ദിവസവും ഡയറി എഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘം<br>ഡിസംബർ - നവംബർ |

# ACADEMIC MASTER PLAN

## SOCIAL SCIENCE

# സോഷ്യൽ സയൻസ് - H.S വിഭാഗം

| പ്രവർത്തനങ്ങൾ | ലക്ഷ്യം | ക്ലാസ് | കാലം |
|---|---|---|---|
| പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ ഭൂപടങ്ങൾ വരയ്ക്കുന്നു. ശേഖരിക്കുന്നു. | ഭൂമിശാസ്ത്രപരമായ അറിവ് നേടുക. | 8, 9, 10 | Long Term |
| പ്രാദേശിക വിഭവസ്രോതസുകൾ ഉപയോഗപെടുത്തൽ ,അഭിമുഖം, Field Visit | നേരനുഭവം സൃഷ്ടിക്കു . | 8, 9, 10 | Long Term |
| പ്രാദേശികചരിത്രരചന | ചരിത്രാന്വേഷികൾ ആക്കുക, വിശകലന ശേഷി വർധിപ്പിക്കുക പ്രാദേശികചരിത്രരചന. | 8, 9, 10 | Short Term |
| ICT ഉപയോഗപ്പെടുത്തൽ (ചിത്രങ്ങൾ. ,PPT വീഡിയോ) | ക്ലാസുകൾ ലളിതവും ആകർഷകവും ആക്കുക. | 8, 9, 10 | Long Term |
| പ്രധാന ദിവസങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. | ദിവസങ്ങളുടെ പ്രാധാന്യം മനസിലാക്കുക. നേതൃത്വപാടവം, സാമൂഹ്യ പ്രവർത്തനങ്ങൾ വികസിപ്പിക്കുക. | 8, 9, 10 | Long Term |
| സാമൂഹ്യ ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ .(ബുള്ളറ്റിൻ ബോർഡ്) | സമകാലിക സംഭവങ്ങളെ കുറിച്ച് അറിവുള്ളവരാകുക. | 8, 9, 10 | Long Term |
| ഡിബേറ്റുകൾ സംഘടിപ്പിക്കൽ. | വിശകലന വിമർശനാത്മക അവതരണ ശേഷികൾ | 8, 9, 10 | Short Term |

| | | | |
|---|---|---|---|
| | വർധിപ്പിക്കുക. | | |
| സാമൂഹ്യ സേവനം മനസിലാക്കൽ. (റാലി, ബോധവൽക്കരണ ക്ലാസുകൾ) | സാമൂഹ്യ ജീവിതം' പരസ്പരാശ്രയത്വം, സേവനമനോഭാവം ഇവയുടെ പ്രാധാന്യം മനസ്സിലാക്കുക. | 8, 9, 10 | Long Term |
| ഗ്ലോബ് ഭൂപടം, അറ്റ്ലസ് എന്നിവയുടെ ഉപയോഗം. | ഭൂമിശാസ്ത്രപരമായ അറിവ് വർധിപ്പിക്കുക.. | 8, 9, 10 | Long Term |
| പ്രശ്നോത്തരി | പ്രശ്നനിർധാരണ ശേഷി കൈവരിക്കുക. | 8, 9, 10 | Short Term |
| സെമിനാർ | അവതരണ ശേഷി, വിശകലനശേഷി എന്നിവ കൈവരിക്കുന്നു | 8, 9, 10 | Short Term |
| തുറന്ന ചർച്ചകൾ | അഭിപ്രായപ്രകടനം അവതരണം, അംഗീകരിക്കൽ, സാമൂഹ്യ ഇടപെടൽ - ഇവയ്ക്ക് പ്രാപ്തരാകുന്നു | 8, 9, 10 | Long Term |

# സാമൂഹ്യ ശാസ്ത്രം - UP വിഭാഗം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടൽ | പ്രകൃതിതാണ്ഡവം-നേർക്കാഴ്ച ഭൂകമ്പം സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം ഉരുൾപൊട്ടൽ എന്നിവയുടെ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രത മനസ്സിലാക്കുന്നു അഗ്നിശമനസേന ഉദ്യോഗസ്ഥരുടെയും മറ്റും സഹായത്താൽ domonstration ക്ലാസുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷാരംഭം | Social Science Club<br><br>സ്കൂൾ സുരക്ഷാ സമിതി | |
| സാമൂഹിക സേവനം മനസ്സിലാക്കൽ | ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരുടെ ക്ലാസുകൾ രോഗികളെ ശുശ്രൂഷിക്കുന്നതിനുള്ള അവസരം ഒരുക്കൽ സാമൂഹിക സന്നദ്ധ പ്രവർത്തനങ്ങളിൽ | 2 വർഷം | സാമൂഹിക പ്രവർത്തകർ ആരോഗ്യപ്രവർത്തകർ | |

| | | | | |
|---|---|---|---|---|
| | പങ്കാളിയാവുക | | | |
| ചരിത്ര പ്രധാന ദിനങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കൽ | ദിനാചരണങ്ങൾ അഭിമുഖം വിവിധ ആഘോഷങ്ങൾ ജനകീയമാക്കുക | 1 വർഷം | Social Science Club | |
| പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റുന്നു | ICT സാധ്യത ഉപയോഗിച്ച് ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ video പ്രദർശിപ്പിച്ച് ചരിത്രാ വബോധം വളർത്തുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ് ത്ര ക്ലബ്ബ് | |
| റോഡ് സുരക്ഷയെ കുറിച്ച് ബോധവാൻ മാരാക്കുന്നു | സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ റോഡ് സുരക്ഷയെ കുറിച്ച് ക്ലാസ് സംഘടിപ്പിക്കുന്നു | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ് ത്ര ക്ലബ്ബ് | |
| ജനാധിപത്യപരമാ യ ജീവിത സമീപനം രൂപപ്പെടുത്തുക | ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാന തലം മനസ്സിലാക്കുന്നു | | സാമൂഹ്യശാസ് ത്ര ക്ലബ്ബ് | |
| സാമൂഹ്യ ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | GK Quiz<br>Debate<br>കൊളാഷ് നിർമ്മാണം | 1 വർഷം | സാമൂഹ്യശാസ് ത്ര ക്ലബ്ബ് | |

# ACADEMIC MASTER PLAN

# SCIENCE

# സയൻസ് - H.S വിഭാഗം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരിസ്ഥിതി ബോധവൽക്കരണം | * പരിസ്ഥിതി ദിനത്തിൽ മരത്തൈ നട്ടുപിടിപ്പിക്കൽ.<br>• പോസ്റ്റർ മത്സരം<br>• സസ്യോദ്യാനംസന്ദർശനം<br>• ഹെർബേറിയം നിർമ്മാണം പ്രവർത്തനപത്രം | ജൂൺ 5<br><br>ജൂൺ 2 ആം ആഴ്ച | ശാസ്ത്രഅധ്യ ാപകർ<br>ഹരിത ക്ലബ്ബ്<br>സയൻസ് ക്ലബ്ബ് | |
| ലാബ് സുരക്ഷാ പരിശീലനം | ലാബിലെ ഉപകരണങ്ങളുടെ പ്രദർശനം<br>ലാബിൽ സ്വീകരിക്കേണ്ട സുരക്ഷാ മുൻകരുതൽ – ബോധവൽക്കരണം | ജൂൺ | സയൻസ് അധ്യാപകർ | |
| ജൈവ വൈവിധ്യം പരിചയപ്പെടൽ | സ്കൂൾ പരിസരത്തെ സസ്യ-ജന്തു പട്ടിക തയ്യാറാക്കൽ | ജൂലൈ | ശാസ്ത്രഅധ്യ ാപകർ<br>ഹരിത ക്ലബ്ബ്<br>സയൻസ് ക്ലബ്ബ് | |
| പരിസ്ഥിതി പഠനാനുഭവം | ഫീൽഡ് ട്രിപ്പ് | ഓഗസ്റ്റ് | ശാസ്ത്രഅധ്യ ാപകർ<br>ഹരിത ക്ലബ്ബ്<br>സയൻസ് ക്ലബ്ബ് | |
| അറിവ് മികവ് പരീക്ഷിക്കൽ | ശാസ്ത്ര ക്വിസ് മൽസരങ്ങൾ സംഘടിപ്പിക്കുക | എല്ലാ മാസവും | ശാസ്ത്രഅധ്യ ാപകർ | |
| കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തുക | •<br>• ശാസ്ത്രീയ പരീക്ഷണങ്ങൾ നടത്തുക<br>• മോഡലുകൾ നിർമ്മിക്കുക<br>• ശാസ്ത്ര സംബന്ധമായ വീഡിയോ ക്ലിപ്പുകൾ പ്രദർശിപ്പിക്കുക<br>• പരീക്ഷണ കുറിപ്പുകൾ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് യഥാസമയം | ശാസ്ത്രഅധ്യ ാപകർ | |

| | | | | |
|---|---|---|---|---|
| | തയ്യാറാക്കുക<br>• ദിനാചരണങ്ങൾ | | | |
| ശാസ്ത്രമേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പു വരുത്തൽ | •<br>• സ്കൂൾതല സയൻസ് എക്സിബിഷൻ<br>• മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരിശീലനം<br>• മോഡൽ നിർമ്മാണം പരിശീലനം | സെപ്റ്റംബർ | ശാസ്ത്രഅധ്യ ാപകർ | |
| ശാസ്ത്ര ലാബ് നവീകരണം | ഫിസിക്സ് കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട് ഉപകരണങ്ങളും മറ്റ് സാമഗ്രികളും വിഷയാടിസ്ഥാനത്തിൽ ക്രമീകരിക്കൽ | ഒക്ടോബർ | ശാസ്ത്രഅധ്യ ാപകർ സയൻസ് ക്ലബ്ബ് | |
| പഠനപിന്നോക്കാവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | പ്രത്യേക പരിശീലനക്ലാസുകൾ | ആഴ്ചയിൽ രണ്ടു ദിവസം | ശാസ്ത്രഅധ്യ ാപകർ | |
| ശാസ്ത്ര മാസിക' ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കിയ ശാസ്ത്രസംബന്ധമായ അറിവുകൾ ലേഖനങ്ങൾ, ശേഖരങ്ങൾ ഇവ ഉൾപ്പെടുത്തി ശാസ്ത്ര മാസികശാസ്ത്ര പതിപ്പ് എന്നിവ തയ്യാറാക്കൽ | നവംബർ | സയൻസ് ക്ലബ്ബ് | |
| കരിയർ ബോധവൽക്കരണം | ശാസ്ത്ര രംഗത്തെ തൊഴിലവസരങ്ങളെ കുറിച്ച് ബോധവൽക്കരണക്ലാസ് | ജനുവരി | സ്കൂൾ കൗൺസിലർ | |
| | | | | |

# അടിസ്ഥാന ശാസ്ത്രം - U.P വിഭാഗം

## ലക്ഷ്യങ്ങൾ

- ശാസ്ത്രത്തെ കുറിച്ചുള്ള വിദ്യാർഥികളുടെ സ്വാഭാവിക ആവേശവും വിശ്വാസവും വളർത്തുക
- കുട്ടികളുടെ ചോദ്യങ്ങൾ ചോദിക്കാനുള്ള കഴിവും പുതിയ കാര്യങ്ങൾ അന്വോഷിക്കാനുള്ള കഴിവും പ്രോത്സാഹിപ്പിക്കുക
- ശാസ്ത്രീയ പരീക്ഷണങ്ങളും നിരീക്ഷണങ്ങളും വഴി വിദ്യാർഥികളുടെ പ്രായോഗിക കഴിവുകൾ വികസിപ്പിക്കുക
- പരിസ്ഥിതിയെയും പരിസ്ഥിതിയുമായി ബന്ധപ്പെട്ട വിഷയങ്ങളെയും കുറിച്ചുള്ള അവബോധം വികസിപ്പിക്കുക
- ശാസ്ത്രത്തിന്റെ അടിസ്ഥാന സിദ്ധാന്തങ്ങൾ മനസ്സിലാക്കാൻ സഹായിക്കുക
- വ്യക്തി ശുചിത്വവും പരിസര ശുചിത്വവും സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം മനസിലാക്കുക
- സാങ്കേതിക വിദ്യയുടെ പ്രയോജനങ്ങളും ഉപയോഗങ്ങളും പഠിക്കുക
- സമ്പത്ത് വ്യവസ്ഥയിൽ ശാസ്ത്രത്തിനുള്ള പങ്കിനെക്കുറിച്ച് കുട്ടികൾക്ക് അറിവ് നൽകുക
- ശാസ്ത്രീയമായ ചിന്താഗതി, പ്രശ്ന പരിഹാര നൈപുണികൾ പുതിയ എന്നിവ വളർത്തുക

## പ്രവർത്തനങ്ങൾ

- ശാസ്ത്രീയ പരീക്ഷണങ്ങൾ നടത്തുക
- മോഡലുകൾ നിർമ്മിക്കുക
- ശാസ്ത്ര വിഷയങ്ങളിൽ ചർച്ചകൾ സംഘടിപ്പിക്കുക
- ശാസ്ത്ര സംബന്ധമായ വീഡിയോ ക്ലിപ്പുകൾ പ്രദർശിപ്പിക്കുക
- ഫീൽഡ് ട്രിപ്പ് നടത്തുക
- കുട്ടികൾ സ്വയം കൃഷി ചെയുന്നത് പ്രോത്സാഹിപ്പിക്കുക
- പരീക്ഷണ കുറിപ്പുകൾ തയ്യാറാക്കുക
- വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ തയ്യാറാക്കി റിപ്പോർട്ടുകൾ അവതരിപ്പിക്കുക

- സ്കൂൾ തല ശാസ്ത്ര ഉത്സവം സംഘടിപ്പിക്കുക
- ശാസ്ത്ര സംബന്ധമായ ചിത്രങ്ങൾ വരയ്ക്കുക
- ആൽബം തയ്യാറാക്കുക
- പൂന്തോട്ട നിർമ്മാണം
- സെമിനാർ
- ഹരിത ഡയറി

## STD VII

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| നൂതന സങ്കേതങ്ങളു പയോഗിച്ച് ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ കുട്ടികളിലെത്തിക്കുക | ശാസ്ത്ര വീഡിയോ പ്രദർശനങ്ങൾ | ജൂൺ - ഫെബ്രുവരി |
| ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | • ലഘു പരീക്ഷണങ്ങൾ<br>• പരീക്ഷണ കറിപ്പുകൾ<br>• ശാസ്ത്ര മാജിക് | ജൂൺ - ഫെബ്രുവരി |
| ശാസ്ത്ര പ്രക്രീയശേഷി വികസിപ്പിക്കുക | • ഹരിത ഡയറി<br>• മോഡൽ നിർമ്മാണം | ജൂലൈ - ഡിസംബർ |
| പ്രഥമ ശുശ്രൂഷ ആവശ്യമായ സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നതിനുളള മനോഭാവം ഉണ്ടാക്കുന്നതിന് | പ്രഥമ ശുശ്രൂഷ പരിശീലനം | ഒക്ടോബർ |
| ശാസ്ത്രാന്വേഷണത്തിനുള്ള താൽപര്യം വളർത്തുക | • സെമിനാർ<br>• ശാസ്ത്ര പ്രഭാഷണം | ഒക്ടോബർ |

## STD- VII

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയ | • ലഘു പരീക്ഷണങ്ങൾ<br>• പരീക്ഷണ കറിപ്പുകൾ | ജൂൺ - ഫെബ്രുവരി |
| ശാസ്ത്രാന്വേഷണത്തിനുള്ള താൽപര്യം വളർത്തുക | • ശാസ്ത്ര ചർച്ചകൾ | ജൂൺ - ഫെബ്രുവരി |
| ശാസ്ത്ര പ്രക്രീയശേഷി വികസിപ്പിക്കുക | • മോഡൽ നിർമ്മാണം | ജൂലൈ - ഡിസംബർ |
| ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ കുട്ടികളിലെത്തിക്കുക | • ശാസ്ത്ര വീഡിയോ പ്രദർശനങ്ങൾ | ജൂൺ - ഫെബ്രുവരി |
| സമീകൃതാഹാരത്തിന്റെ പ്രാധാന്യം മനസ്സിലാക്കുക | • ഫുഡ് പ്ലേറ്റ് തയ്യാറാക്കൽ | ജൂൺ - |

## STD – V

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | • ഫീൽഡ് ട്രിപ്<br>• പരീക്ഷണങ്ങൾ - പരീക്ഷണക്കുറിപ്പുകൾ<br>• പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ | ജൂൺ , സെപ്റ്റംബർ<br>ജൂൺ -ഫെബ്രുവരി<br>ജൂൺ |

| | | |
|---|---|---|
| ശാസ്ത്ര വിഷയങ്ങളിൽ കൂടുതൽ താൽപര്യം ജനിപ്പിക്കുക | ശാസ്ത്ര ചർച്ചകൾ | ജൂൺ -ഫെബ്രുവരി |
| ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക | ആൽബം തയ്യാറാക്കൽ | ജൂൺ |
| ശാസ്ത്രാന്വേഷണത്തിനുള്ള താത്പര്യം വളർത്തുക | സെമിനാർ | ഒക്ടോബർ-നവംബർ |
| ജൈവ വൈവിധ്യ ഉദ്യാനം വിപുലപ്പെടുത്താനുള്ള മനോഭാവം ഉണ്ടാവുക | ജൈവവൈവിധ്യ ഉദ്യാന സന്ദർശനം | ഒക്ടോബർ-നവംബർ |

# ACADEMIC MASTER PLAN

## MATHEMATICS

# ഗണിതം - H.S വിഭാഗം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുന്നു | <u>**ഗണിത ശിൽപ ശാല**</u><br><br>കൂടുതൽ വ്യക്തമാക്കുന്നു കളി രീതിയിലെ അടിസ്ഥാന ക്രിയകൾ ഉറപ്പു വരുത്തുന്നതിനുള്ള പ്രവർ ത്തനങ്ങൾ നൽകുന്നു<br>അധിക ക്രിയകൾ നൽകി ഇത് | ജൂൺ | ഗണിത അധ്യാപിക |
| 2 ഗണിത പ്രവർത്തനങ്ങൾ സുഗമമാക്കൽ, മധുരമാക്കൽ | ഗണിത ലാബ് സജ്ജമാക്കി ഗണിത ഉപകരണങ്ങൾ പരിചയപെടുത്തി കൊണ്ട് പഠനം ബോധനം | വർഷം മുഴുവൻ | ഗണിതഅധ്യാപി ക |
| 3. ജ്യാമിതീയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ താത്പര്യം വർദ്ധിപ്പിക്കാൻ | ജ്യാമിതീയ മാതൃകകളും പാറ്റേണുകളും കുട്ടികളെ കൊണ്ട് തയ്യാറാക്കി പ്രദർശിപ്പിക്കൽ | വർഷം മുഴുവൻ | ഗണിതക്ലബ്ബ് |
| 4 ഗണിത സാഹിത്യ സൃഷ്ടികൾ പരിചയപ്പെടാനും, രചനകൾ നടത്തുവാനും കുട്ടികളെ പ്രേരിപ്പിക്കുക | ലൈബ്രറിയിൽ നിന്ന് ഗണിതവും ആയി ബന്ധപ്പെട്ട പുസ്തകങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു<br><br>ഗണിത മാഗസിൻ എന്ന ആശയം കുട്ടികൾക്ക് പരിചയപ്പെടുത്തി കൊണ്ട് അവരിലെ ഗണിത പ്രതിഭകളെ മികച്ചതാക്കുന്നു | വർഷം മുഴുവൻ | ഗണിതഅധ്യാപി ക<br><br>ഗണിതക്ലബ്ബ് |
| 5 ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി ഉപയോഗിക്കുക | പഠന മേഖലയുമായി ബന്ധപ്പെട്ട് ICT ഉപയോഗം സാധ്യമായ മേഖലകളിൽ Geogebra പോലുള്ള സോഫ്റ്റ്‌വെയർ സഹായം ഉറപ്പു വരുത്തുന്നു | ആവശ്യാനുസര ണം | ഗണിതഅധ്യാപി ക<br>പ്രതിഭാധനരായ കുട്ടികൾ |
| 6 മികച്ച ഗണിത പ്രതിഭകളെ കണ്ടെത്തുന്നതിനും വളർ ത്തുന്നതിനും | ഗണിത ക്വിസ് സംഘടിപ്പിക്കുന്നു<br>•ഗണിത ഉത്സവം<br>* പസിൽ കോർണർ | ദിനാചരണങ്ങളു മായി ബന്ധപ്പെട്ട് | ഗണിതഅധ്യാപി ക<br>ഗണിതക്ലബ്ബ് |
| 7 ഗണിത ശേഷി വർദ്ധിപ്പിക്കുന്നതിന് | unit test, monthly test ഇവ നടത്തുന്നു | മാസത്തിൽ ഒരിക്കൽ | ഗണിതഅധ്യാപി ക |

# ഗണിതം- U. P വിഭാഗം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1 അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പു വരുത്തുന്നു | <u>ഗണിതശിൽപ്പശാല</u><br><br>കളിരീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു [നമ്പർ കാർഡ്, മഞ്ചാടി കുരു , മുത്തുകൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ ) | ജൂൺമാസം | ഗണിത അധ്യാപകർ |
| 2 ഗണിത പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കി ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകർ ഗണിത ക്ലബ്ബ് |
| 3 ഗണിതം മധുരമാക്കൽ | <u>ഗണിതപാർക്ക്</u><br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി പാർക്ക് ഒരുക്കുക | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് |
| 4 ആധുനിക ശാസ്ത്ര സാങ്കേതിവിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | ഐ.ടി സാധ്യതകൾ ജ്യാമിതീയ രൂപങ്ങൾ'ചതുഷ്ക്രിയകൾ പോലുള്ള പ്രവർത്തനങ്ങൾ ഐ.ടി സാധ്യതകൾ ഉപയോഗപ്പെടുത്ത കൊണ്ട് കുട്ടികളിലേയ്ക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ |
| 5 ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു | <u>*ഗണിത ക്ലിനിക്ക്*</u><br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | ആഴ്ചയിൽ ഒരു പിരിയഡ് | ഗണിത അധ്യാപകർ |

| | | | |
|---|---|---|---|
| 6 ഗണിതമേഖലയിൽ കുട്ടികളുടെ താൽപര്യം വർധിപ്പിക്കൽ | ഗണിത നിഘണ്ടു തയ്യാറാക്കൽ<br>ഓരോ പാഠത്തിലും കുട്ടികൾ പഠിക്കുന്ന പുതിയ കാര്യങ്ങൾഎഴുതി ചേർത്ത് ഓരോ ക്ലാസിലും നിഘണ്ടു തയ്യാറാക്കുന്നു<br><br>ഗണിത അസംബ്ലി<br>ഓരോ ക്ലാസിൽ നിന്നും പഠിച്ച കാര്യങ്ങൾ അവതരിപ്പിക്കാനും വിശദീകരിക്കാനും കുട്ടികൾക്ക് അവസരം നൽകുന്നു | വർഷം മുഴുവൻ | ഗണിത അധ്യാപകർ<br><br>ഗണിത ക്ലബ്ബ് |

# ഐ.ടി - H S വിഭാഗം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| കുട്ടികൾക്ക് പഠനം എളുപ്പവും ആയാസ രഹിതമാക്കുക | പാഠഭാഗവുമായി ബന്ധപ്പെട്ട വീഡിയോകളുടെ സഹായത്തോടെ പാഠഭാഗം കുട്ടികളിലെത്തിക്കുക | വർഷം മുഴുവൻ | അധ്യാപകർ |
| പാഠഭാഗങ്ങൾഐ.സി.ടി സാധ്യത ഉപയോഗിച്ച് വിനിമയം ചെയ്യുക | എല്ലാ ക്ലാസിലും ലാപ്ടോപ്പ് പ്രൊജക്ടർ സംവിധാനം ഒരുക്കുക | ജൂൺ | PTA<br>SMC |
| സ്കൂളിലെ അക്കാദമികവിവരങ്ങൾ രക്ഷിതാക്കളിൽ എത്തിക്കുക | എല്ലാ ക്ലാസിലും വാട്സപ്പ് ഗ്രൂപ്പുകൾ ആരംഭിക്കുക | ജൂൺ | ഐ. ടി ക്ലബ്ബ് |
| ഐ.സി.ടി സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് എല്ലാ അധ്യാപകരെയും പ്രാപ്തരാക്കുക | എല്ലാ അധ്യാപകർക്കും ICT പരിശീലനം നൽകുക | ജൂലൈ | SITC<br>JSITC<br>PSITC |
| ആധുനിക സാങ്കേതികവിദ്യകളെ കുറിച്ച് കുട്ടികൾക്ക് ധാരണ നൽകുക | എല്ലാ കുട്ടികൾക്കും ഇ-മെയിൽ ഐ.ഡി തയ്യാറാക്കുക<br><br>സൈബർ ബോധവൽക്കരണക്ലാസ് നൽകുക | ജൂൺ<br><br>ഓഗസ്റ്റ് | IT Club<br><br>PTA |

# അക്കാദമിക മാസ്റ്റർ പ്ലാൻ-ആരാഗ്യ കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | |
|---|---|---|---|
| കുട്ടികളിൽ കായികക്ഷമതയുടെ കുറവ് പരിഹരിക്കുക | കായികക്ഷമതയുള്ള കുട്ടികളെ<br>തിരഞ്ഞെടുത്ത് ആവശ്യമായ പരിശീലനം നൽകുക.<br>* സ്പോർട്സ് ക്യാമ്പുകൾ സംഘടിപ്പിക്കുക<br>* യോഗ, സൈസക്കിളിംഗ്, നീന്തൽ<br>എന്നിവയിൽ പരിശീലനം നൽ കുക<br>* പ്രശേദത്തുള്ള കായിക പ്രതിഭകളുടെ സേവനം ലഭ്യമാക്കുക<br>* യോഗാക്ലാസുകൾ സംഘടിപ്പിക്കുക<br>* അശേയാധന കലകളിൽ അയോധന കലകളിൽ പരിശീലനം നൽകുന്നു. | 2025 ജൂൺ മുതൽ ഡിസംബർ വരെ | |
| സ്പോർട്സ് ഉപകരണങ്ങളുടെടട അഭാവം പരിഹരിക്കുക | കുട്ടികൾക്ക് പരിശീലനത്തിന് ആവശ്യമായ ഉപകരണൾ ലഭ്യമാക്കുക | 2025 ജൂൺ മുതൽ ഡിസംബർ വരെ | |
| കുട്ടികൾക്ക് താൽ പര്യമുള്ള കായിക ഇനങ്ങൾ തിരഞ്ഞെടുക്കാൻ അവസരം ലഭ്യമാക്കുക | കായിക പ്രതിഭാ പദ്ധതി-താൽ<br>പര്യമുള്ള ഇനങ്ങളിൽ വിദഗ് ദ്ധ<br>പരിശീലനം | 2025 ജൂൺ മുതൽ ഡിസംബർ വരെ | |

| | | | |
|---|---|---|---|
| കായികതാരങ്ങൾക്ക് വേണ്ടത്ര പ്രോത്സാഹനം ലഭ്യമാക്കുക | കായികപ്രതിഭകളെ ആദരിക്കൽ. | 2025 ജൂൺ മുതൽ ഡിസംബർ വരെ | |
| കുട്ടികളുടെടെ ആരോഗ്യസ്ഥിതി അടുത്തറിയാൻ അവസരം ഒരുക്കുക | * വൈദ്യ പരിശോധന<br>* ആരോഗ്യ ക്ലാസുകൾ.<br>* സിഡി പ്രദർശനം<br>* സീസണൽ രോഗങ്ങളെക്കുറിച്ച് ബോധവൽക്കരണം. | 2025 ജൂൺ മുതൽ ഡിസംബർ വരെ | |
| ശരിയായ ഭക്ഷണ ശീലത്തെക്കുറിച്ചുള്ള അറിവില്ലായ്മ പരിഹരിക്കുക | * ആരോഗ്യ ക്ലാസുകൾ<br>* അടുക്കളത്തോട്ടം | 2025 ജൂൺ മുതൽ ഡിസംബർ വരെ | |
| പ്രഥമശുശ്രൂഷയെ ക്കുറിച്ചുള്ള ധാരണ നൽകുക | * വിദഗ്ധരുടെ ക്ലാസുകൾ<br>* സിഡി പ്രദർശനം<br>* പ്രഥമശുശ്രൂഷ കിറ്റ്- സൗകര്യം ലഭ്യമാക്കുക | 2025 ജൂൺ മുതൽ ഡിസംബർ വരെ | |
| | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ
# മേഖല - പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| കുട്ടിൾക്ക് പരിശീലനത്തിന്റെ/ അഭാവം പരിഹരിക്കുക | പരിശീലനത്തിനാവശ്യമായ സ്ഥിരം അധ്യാപകന്റെ നിയമിക്കൽ<br>* പ്രാദേശികമായി ലഭ്യമായ കലാകാരൻ മാരെ ഉപയോഗിച്ച് പരിശീലനം സംഘടിപ്പിക്കുക. | 2025 ജൂൺ മുതൽ ഡിസംബർ വരെ | ബി.ആർസി |
| പ്രാദേശികമായി പരിശീലകരെ ലഭിക്കുന്നില്ല. | പ്രവൃത്തിപരിചയ മേഖലയിൽ കഴിവുള്ള പ്രാദേശികമായ വ്യക്തികളുടെ വിവരശേഖരണം<br>* അവരെ ചേർത്തുള്ള റിസോഴ്സ് ഗ്രൂപ്പ് തയ്യാറാക്കൽ | 2025 ജൂൺ മുതൽ ഡിസംബർ വരെ | പി.ടി.എ, എസ്.എസ്ജി |
| തുടർ പരിശീലനത്തിന്റെ/ അഭാവം പരിഹരിക്കുക | * പിടിഎ,എസ്എസ്ജി എന്നിവരുടെ നേതൃത്വത്തിൽ ഹ്രസ്വകാല അടിസ്ഥാനത്തിൽ പരിശീലകരെ കണ്ടെത്തി പരിശീലനം നൽകുക. | 2025 ജൂൺ മുതൽ ഡിസംബർ വരെ | പി.ടി.എ |

| | | | |
|---|---|---|---|
| കലാകായിക പ്രവർ ത്തനങ്ങളിൽ കുട്ടികളുടെ അഭിരുചി തിരിച്ചറിയുക | * തുടർച്ചയായ പരിശീലനത്തിലൂടെ കുട്ടികളുടെ മികവുകൾ കണ്ടെത്തുകയും അതിന് ആവശ്യമായ പരിശീലനങ്ങൾ നൽ കുകും ചെയ്യുക | 2025 ജൂൺ മുതൽ ഡിസംബർ വരെ | പി.ടി.എ |
| അസംസ്കൃത വസ്തുക്കളുന്റെട അഭാവം പരിഹരിക്കുക | * പ്രാശേദശിക വിഭവങ്ങളുടെ ശേഖരണം<br>* പ്രവൃത്തിപരിചയ ലാബ് തയ്യാറാക്കുക | 2025 ജൂൺ മുതൽ ഡിസംബർ വരെ | പി.ടി.എ, പൂർവ്വ വിദ്യർ ത്ഥികൾ |
| സ്കൂൾ ഉൽ പന്നങ്ങൾക്ക് വിപണി കണ്ടെത്താൻ കഴിയുന്നില്ല | * പിടിഎ ,എംടി എ എന്നിവരുടെ നേതൃത്വത്തില്  ഉൽ പന്നങ്ങളുടെ വിപണനമേള നടത്തുക<br>.<br>* കുട്ടിച്ചന്തകൾ സംഘടിപ്പിക്കുക • | 2025 ജൂൺ മുതൽ ഡിസംബർ വരെ | പി.ടി.എ, പൂർവ്വ വിദ്യർ ത്ഥികൾ |

# അക്കാദമിക മാസ്റ്റർ പ്ലാൻ
# മേഖല – കലാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| കലാപഠനത്തിൽ വേണ്ടത്ര സമയം ലഭ്യമാക്കുക | ലഭ്യമാക്കുക<br>* ഒഴിവുദിവസങ്ങളിൽ കുട്ടികൾക്കായി ക്യാമ്പുകൾ സംഘടിപ്പിക്കുന്നു.<br>* അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് പ്രത്യേക<br>പരിശീലനം നൽകന്നു.<br>* അവധിക്കാലത്ത് അഞ്ച് ദിവസം നീളുന്ന ചിത്രരചനാ പരിശീലനം | 2025 ജൂൺ മുതൽ ഡിസംബർ വരെ | വിദ്യാരംഗം |
| പരിശീലനം ലഭിച്ച അധ്യാപകരുടെ അഭാവംപരിഹരിക്കുക | * ഈ മേഖലയിൽ പരിശീലനം ലഭിച്ച അധ്യാപകരെ കൊണ്ടുവന്ന് ക്ലാസുകൾ<br>സംഘടിപ്പിക്കുന്നു. | 2025 ജൂൺ മുതൽ ഡിസംബർ വരെ | വിദ്യാരംഗം<br>പി.ടി.എ<br>പൂർവ്വ വിദ്യാർത്ഥികൾ |
| കലാപഠനത്തിന് ആവശ്യമായ ഉപകരണങ്ങളുടെ കുറവ് പരിഹരിക്കുക | * സ്കൂളിൽ ഒരു ആർട്ട് ഗാലറി സ്ഥാപിക്കുന്നു. | 2025 ജൂൺ മുതൽ ഡിസംബർ വരെ | വിദ്യാരംഗം<br>പി.ടി.എ<br>പൂർവ്വ വിദ്യാർത്ഥികൾ |
| വിവധ കലാ രൂപങ്ങളെക്കുറി | * വിവിധ കലാരൂപങ്ങളുടെ വേഷവിധാനങ്ങ | 2025 ജൂൺ മുതൽ ഡിസംബർ | വിദ്യാരംഗം |

| | | | |
|---|---|---|---|
| ച്ചുള്ള ധാരണക്കുറവ് പരിഹരിക്കുക | ൾ,ഉപകരണങ്ങൾ,എന്നിവ പരിചയപ്പെടാനും കാണാനുമുള്ള അവസരങ്ങൾ നൽകുന്നു. | വരെ | |
| കലാപരമായ കഴിവ് വികസിപ്പിക്കുക | * ആഴ്ചയിൽ ഒരു ദിവസം സാഹിത്യസമാജം സംഘടിപ്പിക്കുന്നു.<br>* കുട്ടികൾക്ക് നാടക പരിശീലനം നൽകുക<br>* നാടൻ കലകളിൽ പ്രാവീണ്യം നേടിയവരെ പരിചയപ്പെടുത്തുന്നു.<br>* കുട്ടികൾക്ക് സിനിമാ പരിശീലനം-ടെലിഫിലിം നിർമ്മാണം-<br>ഫിലിം ക്ലബ് രൂപീകരണം.<br>* സ്കൂൾ ടാലന്റ് ലാബ്-കുട്ടികളിലെ വിവിധ കഴിവുകൾ കണ്ടത്തി പ്രാത്സാഹിപ്പിക്കുന്ന പദ്ധതി | 2025 ജൂൺ മുതൽ ഡിസംബർ വരെ | വിദ്യാരംഗം |
| പ്രാദേശികമായ കലാകാരൻമാരുടെ സേവനം ലഭ്യമാക്കുക | * സ്കൂൾ കലാസംഘം രൂപീകരിക്കുക<br>* നാടൻപാട്ട് സംഘം<br>* സ്കൂൾ ചെണ്ടമേള സംഘം<br>* സ്കൂൾ ബാന്റ് മേള സംഘം<br>* സ്കൂൾ നാടക സംഘം<br>* സംഗീതഉപകരണ ക്ലാസുകൾ. | 2025 ജൂൺ മുതൽ ഡിസംബർ വരെ | വിദ്യാരംഗം<br>പി.ടി.എ<br>പൂർവ്വ വിദ്യാർത്ഥികൾ |

# അക്കാദമിക മാസ്റ്റർ പ്ലാൻ
# മേഖല - ഭിന്നശേഷി നിലവാരക്കാർ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ഭിന്നശേഷി വിഭാഗത്തിൽ പെട്ട കുട്ടികളെ കണ്ടെത്തൽ | ഓരോ വർഷവും ആദ്യ മാസത്തിൽ തന്നെ റിസോഴ്സ് അധ്യാപകരുടെ സഹായത്തോടെ ഭിന്നശേഷിയുള്ള കുട്ടികളെ കണ്ടെത്തുന്നു. | ജൂൺ | ബി.ആർ .സി |
| ഭിന്നശേഷി വിഭാഗത്തിൽപെട്ട കുട്ടികൾക്ക് പ്രത്യേകപരിശീലനം നൽകുക | റിസോഴ്സ് അധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്തുക<br><br>ICT സാധ്യതകൾ പ പരമാവധി പ്രയോജനപ്പെടുത്തു<br><br>ഭിന്ന ശേഷിക്കാർക്ക് കൂടിഅനുയോജ്യമായ TM തയ്യാറാക്കുക അനുയോജ്യമായ പഠനോപകരണങ്ങൾ സംവിധാനങ്ങൾ ഇവ ഒരുക്കുക | അധ്യയനവർഷം മഴുവൻ | ബി.ആർ .സി<br>പി.ടി.എ<br>എസ് .എസ് .ജി<br>അധ്യാപകർ |
| ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പിന്തുണ | മാതാപിതാക്കൾക്ക് പ്രത്യേക പരിശീലന ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അധ്യയനവർഷം മഴുവൻ | ബി.ആർ .സി<br>പി.ടി.എ<br>എസ് .എസ് .ജി |

| | | | |
|---|---|---|---|
| നൽകുന്നതിന് അവരുടെ മാതാപിതാക്കൾക്ക് പരിശീലനം | പഠനപ്രവർത്തനങ്ങളിൽ രക്ഷിതാവിനെ കൂടി പങ്കാളിയാക്കുന്നു | | |
| ഭിന്നശേഷി വിഭാഗത്തിൽ പെട്ട കുട്ടികൾക്ക് ഭാവിയിൽ ഉപകരിക്കാവുന്ന തൊഴിൽ പരിശീലനം നൽകുക | കുട്ടികൾക്ക് അനുയോജ്യമായ സ്വയം തൊഴിൽ പരിശീലനം നൽകുന്നു<br>ത<br>(തയ്യൽ, സോപ്പു നിർമ്മാണം Book binding, കുട നിർമ്മാണം, etc) | അധ്യയനവർഷം മഴുവൻ | ബി.ആർ .സി<br>പി.ടി.എ<br>എസ് .എസ് .ജി |
| പൊതുസമൂഹവുമായി ഇടപഴകാൻ കുട്ടികൾക്ക് അവസരം ഒരുക്കുക | പുറത്ത് ഒത്തു കൂടാനുള്ള അവസരം ഒരുക്കുന്നു.<br><br>പൊതുപരിപാടികളിൽ പങ്കെടുപ്പിക്കുന്നു<br><br>വിവിധ മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നു<br><br>പഠനയാത്രകൾ സംഘടിപ്പിക്കുന്നു | അധ്യയനവർഷം മഴുവൻ | പൂർവ്വ വിദ്യാർത്ഥികൾ |

# അക്കാദമിക മാസ്റ്റർ പ്ലാൻ
# മേഖല – പരിസ്ഥിതി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| സ്കൂൾ പരിസരം മനോഹരമാക്കുക | ' സ്കൂൾ പരിസരത്ത് ചെടികൾ, പഴവർഗസസ്യങ്ങൾ ഇവ നട്ട് വളർത്തുക<br>ജൈവവൈവിധ്യ പാർക്ക് വിപുലപ്പെടുത്തുക<br>ഔഷധത്തോട്ടം നിർമ്മിക്കുക<br>ശലഭോദ്യാനം നിർമ്മിക്കുക | ജൂൺ | പി.ടി.എ |
| സ്കൂളിൽ അടുക്കളത്തോട്ടം നിർമ്മിക്കുക | രക്ഷിതാക്കളുടെ സഹായത്തോടെ സ്കൂളിൽ പച്ചക്കറികൃഷി ആരംഭിക്കുക<br>കൃഷി വകുപ്പിന്റെ സേവനം തേടുക | ജൂൺ | പി.ടി.എ |
| പ്ലാസ്റ്റിക് മാലിന്യസംസ്കരണം | സ്കൂൾ പരിസരം പ്ലാസ്റ്റിക് വിമുക്തമാക്കുക<br>പ്ലാസ്റ്റിക് മാലിന്യങ്ങൾ വേർതിരിച്ച് ഹരിത കർമ്മസേനയ്ക്ക് കൈമാറുക | അധ്യയനവർഷം മഴുവൻ | പി.ടി.എ |
| ജൈവ മാലിന്യ സംസ്കരണം | ഭക്ഷണാവശിഷ്ടങ്ങൾ മറ്റ് ജൈവ മാലിന്യങ്ങൾ ഇവ ഉപയോഗിച്ച് ബയോഗ്യാസ് നിർമ്മിക്കുക<br>മണ്ണിര കമ്പോസ്റ്റ് നിർമ്മിക്കുക | അധ്യയനവർഷം മഴുവൻ | പി.ടി.എ |

# അക്കാദമിക മാസ്റ്റർ പ്ലാൻ
# മേഖല- ഉച്ചഭക്ഷണം

.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| കുട്ടികൾക്ക് പ്രഭാത ഭക്ഷണം നൽകുക | എല്ലാ ദിവസവും രാവിലെ 9.30-ന് പ്രഭാത ഭക്ഷണം ലഭ്യമാക്കാനുള്ള പദ്ധതികൾ ആരംഭിക്കുക | അധ്യയനവർഷം മുഴുവൻ | ഉച്ചഭക്ഷണ കമ്മറ്റി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ |
| ഉച്ച ഭക്ഷണം പോഷക സമൃദ്ധമാക്കുക | സ്കൂളിൽ പച്ചക്കറി തോട്ടം നിർമ്മിക്കുക. സ്കൂൾ പരിസരത്ത് പപ്പായ 'വാഴ, മുരിങ്ങ കോവൽ പയർ തുടങ്ങിയവ കൃഷി ചെയ്യുക | ജൂൺ | PTA . SMC 'ഹരിത ക്ലബ്ബ് |
| ശുദ്ധമായ കുടിവെള്ളം കുട്ടികൾക്ക് ലഭ്യമാക്കുക | തിളപ്പിച്ചാറിയ കുടിവെള്ളം ലഭ്യമാക്കുക വാട്ടർ ഫിൽട്ടർ സ്ഥാപിക്കുക | അധ്യയനവർഷം മുഴുവൻ | PTA . SMC |
| ആരോഗ്യകരമായ ഭക്ഷണ ശീലത്തെ പറ്റി കുട്ടികളെയും രക്ഷിതാക്കളെയും ബോധവൽകരിക്കുക | ഫുഡ് ഫെസ്റ്റ് സംഘടിപ്പിക്കുക ഭക്ഷണ ശീലത്തെ പറ്റി ബോധവൽക്കര ണ ക്ലാസ് പ്രാദേശിക പാചകരീതി പരിചയപ്പെടൽ | ഓഗസ്റ്റ് | പി.ടി.എ |
| ഭക്ഷണാവശിഷ്ടങ്ങൾ ശരിയായ രീതിയാൽ സംസ്കരിക്കുക | കമ്പോസ്റ്റ് നിർമ്മാണം ബയോഗ്യാസ് പ്ലാന്റ് | അധ്യയനവർഷം മുഴുവൻ | PTA . SMC |

# Academic master plan

## STD 1

## English

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart.

The academic master plan is designed to ensure that not a single child goes illiterate.

Objectives and learning outcomes.

- Respond to simple instructions in the classroom.
- Describe orally about the pictures and objects.
- Familiarise with simple words.
- Enjoy songs and sings them with Rhythm and action.
- Familiarise the names of birds, animals, their young ones and identifies them from pictures.

June
- Introduce symbol words.
- Provides picture cards.

July
- Identify familiar words.
- Say familiar words.
- Read familiar words.
- Write familiar words.

August
- Enjoy songs and sings them with Rhythm and action.
- Describes orally about pictures and objects using adjectives.

September
- Read and write simple words and Simple sentences
- Provides picture cards and reading cards.

October
- Introduce symbol picture descriptions.
